## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – *462 24.10.2016- ൽ മറുപടിയ്ക്ക്

### പ്രവാസി ക്ഷേമത്തിനായി സാന്ത്വന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ. പി.വി. അൻവർ**<br>**ശ്രീ. രാജു എബ്രഹാം** | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** |
| എ) പ്രവാസി ജീവിതം അവസാനിപ്പിച്ച് മടങ്ങി എത്തുന്നവരുടെ ക്ഷേമത്തിനായി സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ ; | എ) പ്രവാസി ജീവിതം അവസാനിപ്പിച്ച് മടങ്ങിയെത്തുന്ന നിർദ്ധനരായ കേരളീയരെയും കുടുംബാഗംങ്ങളെയും സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെ സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>ഈ പദ്ധതി പ്രകാരം ഇതുവരെ 9400 പേർക്ക് 31 കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2016-17-ാം വർഷം 425 പേർക്കായി 1,95,58,000/- രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയിരുന്ന 5 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി നോർക്ക റൂട്ട്സിന് അനുവദിച്ച് ഉത്തരവ് നല്കിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം കാര്യങ്ങൾക്കാണ് ധനസഹായം നല്കി വരുന്നത്; ഇത് ലഭിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) ഈ പദ്ധതിയിൽ നിബന്ധനകൾക്കു വിധേയമായി പ്രവാസി മലയാളികളുടെ/ കുടുംബാംഗങ്ങളുടെ ചികിൽസയ്ക്ക് പരമാവധി 50,000/- രൂപ വരെയും, മരണപ്പെട്ട പ്രവാസിയുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി പരമാവധി 1,00,000/- രൂപ വരെയും, പ്രവാസിയുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി 15,000/- രൂപ വരെയും, പ്രവാസിയ്ക്കോ കുടുംബാംഗങ്ങൾക്കോ വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി 10,000/- രൂപ |

വരെയും ഒറ്റത്തവണയായി ധനസഹായം നല്കി വരുന്നുണ്ട്.

സാന്ത്വന പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

- അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം 1,00,000/- രൂപയിലധികമാകാൻ പാടില്ല.
- കുറഞ്ഞത് രണ്ട് വർഷം പ്രവാസി ആയിരുന്നിരിക്കണം.
- പ്രവാസി തിരിച്ചെത്തിയ കാലം മുതൽ കണക്കാക്കുമ്പോൾ വിദേശത്ത് എത്ര വർഷം ജോലി ചെയ്തിരുന്നുവോ അത്രയും വർഷത്തിനകം പരമാവധി 10 വർഷം എന്ന കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.
- അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും അപേക്ഷകന് ജോലിയുണ്ടായിരിക്കുവാൻ പാടില്ല.

| | |
|---|---|
| സി) മരണമടഞ്ഞ പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് മരണാനന്തര ധനസഹായം നല്കുന്നത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ? | സി) മരണാനന്തര ധനസഹായം ഉൾപ്പെടുത്തിയിട്ടുണ്ട്. പരമാവധി 1,00,000/- രൂപ (ഒരു ലക്ഷം രൂപ) . |

Sheeja

**സെക്ഷൻ ഓഫീസർ**